# SSLC MODEL EXAMINATION, FEBRUARY - 2023
## MALAYALAM
First Language - Paper I

Time : 1½ Hours | Total Score : **40**

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം ഉപയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയ ശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**Score**

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.** **4x1=4**

1. 'ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്കു,
നിൽക്കുമോ യൗവനവും പുനരധ്രുവം ?'
(ലക്ഷ്മണ സാന്ത്വനം)
ഈ വരികളുടെ ആശയത്തോടു യോജിക്കുന്ന പ്രസ്താവന തിരഞ്ഞെടുത്ത് എഴുതുക.
(a) ഐശ്വര്യവും യൗവനവും സ്ഥിരമാണ്
(b) ഐശ്വര്യവും യൗവനവും അസ്ഥിരമാണ്
(c) ഐശ്വര്യം സ്ഥിരമാണെങ്കിലും യൗവനം അസ്ഥിരമാണ്
(d) യൗവനം സ്ഥിരമാണെങ്കിലും ഐശ്വര്യം അസ്ഥിരമാണ്.

2. ''ഗുരുഘ്നാതികൾക്കു കുലപാംസന,
ലോകങ്ങളില്ല''
(യുദ്ധത്തിന്റെ പരിണാമം)
ഇവിടെ ഗുരുഘ്നാതിയെന്ന് വിളിക്കുന്നത് ആരെ ?
(a) ധൃഷ്ടദ്യുമ്നനെ (b) അശ്വത്ഥാമാവിനെ
(c) ദുര്യോധനനെ (d) കൃതവർമ്മാവിനെ

3. 'കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
<u>ത്തിണ്ടൽ</u> വേണ്ട സഖി, കേണിടേണ്ട കേൾ,'
ഇണ്ടൽ എന്ന പദത്തിന്റെ അർഥത്തിന് സമാന അർഥം വരുന്ന പദം ഏത് ?
(a) സ്നേഹം (b) സന്തോഷം (c) ദുഃഖം (d) അസൂയ

P.T.O.

Score

4. ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായി പിരിച്ചെഴുതിയത് ഏത് ?
   (a) തിരുവോണം – തിരു, വോണം
   (b) വഴിയരിക് – വഴി, യരിക്
   (c) തൊണ്ടയിടറി – തൊണ്ട, യിടറി
   (d) എണ്ണിയെണ്ണി – എണ്ണി, എണ്ണി

5. താഴെ തന്നിരിക്കുന്നവയിൽ പുഷ്കരന് നിരാശ പ്രകടമാകാത്ത വാക്യം ഏത് ?
   (a) ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ
   (b) പഴുതേ ഞാനെന്തേ പലവക പറഞ്ഞു കേൾപ്പിക്കുന്നു.
   (c) നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
   (d) നമ്മെക്കൊണ്ടുപകാരം നിങ്ങൾക്കെന്തോന്നു വേണ്ടൂ

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** 2x2=4

6. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി എഴുതുക.
   ഒരോട്ടു ഗ്ലാസിൽ ചൂടുള്ള കാപ്പിയും താലത്തിൽ നെയ്യപ്പവും മലരുമായി മാഡം തലത്ത് മെല്ലെ നടന്നുവന്നു. പണ്ട് തന്റെ അമ്മ നടന്നുവരാറുള്ളതുപോലെ.

7. •''നന്ദി! മൈക്കലാഞ്ജലോ!''
   •''മാപ്പുനൽകുകെൻ പ്രിയ-
   മൈക്കലാഞ്ജലോ, മാപ്പ്,''
   മൈക്കലാഞ്ജലയോട് കവി നന്ദിയും മാപ്പും പറയുന്നതിന്റെ കാരണം കുറിക്കുക.

8. 'ദിവസം മുഴുവനും അലഞ്ഞുനടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക് ?'
   (അക്കർമാശി)
   ലിംബാളെയുടെ വാക്കുകളിൽ തെളിയുന്ന അക്കാലത്തെ സാമൂഹികാവസ്ഥ വ്യക്തമാക്കുക.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം വീതം).** 5x4=20

9. 'ധീരനായ യതി നോക്കി തന്വിതൻ
   ഭൂരിബാഷ്പ പരിപാടലം മുഖം;
   പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
   ധാരയാർന്ന പനിനീർസുമോപമം'
   (പ്രിയദർശനം)
   വരികളിലെ കാവ്യഭംഗി വ്യക്തമാക്കുക.

Score

10. •'ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ
ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി.'
•''യജമാനന്മാരെ എന്റെ കൈയിൽ പണമില്ല.''
(കടൽത്തീരത്ത്)
ഈ സന്ദർഭങ്ങൾ വെള്ളായിയപ്പനെക്കുറിച്ച് നമുക്ക് നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം ?

11. 'തന്റെ ജീവിതം വെറുമൊരു പേക്കിനാവായിത്തീർന്നു.'
(ആത്മാവിന്റെ വെളിപാടുകൾ)
തന്റെ ജീവിതത്തെ ഒരു പേക്കിനാവായി ദസ്തയേവ്സ്കി വിശേഷിപ്പിക്കുന്നതിന്റെ കാരണങ്ങൾ കണ്ടെത്തി എഴുതുക.

12. ''മണ്ണിൽ നിന്നു പിറന്നവർ മണ്ണിനെ-
പ്പൊന്നണിയിച്ച സംസ്കാരശിൽപ്പികൾ!
നേടിയതാണവരോടു ഞാ, - നെന്നിൽ
നാടുണർന്നോരു നാളിക്കുതിരയെ!''
(അശ്വമേധം)
ഈ വരികളിലൂടെ കവി മുന്നോട്ടുവെക്കുന്ന ആശയമെന്ത് ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

13. •''വായ്പൊളിക്കൂ...സിംഹക്കുട്ടീ, നിന്റെ പല്ല് ഞാൻ എണ്ണട്ടെ.''
•''അബ്ബ! വലിയ പേടിതന്നെ.''
•'' എന്നെ വിടൂ... എനിക്ക് അമ്മയുടെ അടുക്കൽ പോകണം.''
•''എന്റെ അച്ഛൻ ദുഷ്ഷന്തനാണ്, താനല്ല.''
(ഋതുയോഗം)
സർവ്വദമനന്റെ ഈ വാക്കുകളിൽ നിന്ന് വ്യക്തമാകുന്ന ബാല്യത്തിന്റെ സവിശേഷതകൾ കണ്ടെത്തി എഴുതുക.

14. 'അങ്ങനെ വല്ലപാടും വിജയം നേടിയ പാണ്ഡവർ സന്ധ്യക്കു ജയഘോഷത്തോടെ കൂടാരങ്ങളിലേയ്ക്ക് തിരിച്ചു.'
(യുദ്ധത്തിന്റെ പരിണാമം)
പാണ്ഡവർ നേടിയ വിജയത്തെ വല്ലപാടും നേടിയ വിജയമെന്ന് വിശേഷിപ്പിക്കുന്നതിന്റെ കാരണമെന്ത് ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Score

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. (ഒരു പുറം വീതം)** 2x6=12

15. • 'അസ്തമയം കഴിഞ്ഞുള്ള മരവിച്ച വെളിച്ചത്തിലൂടെ കിഴവൻ മിറൽ വേച്ചു വേച്ചു നടന്നു.'

• 'തണുത്താറിയ ഉരുളക്കിഴങ്ങിൽ മുള്ളുമുട്ടിച്ച് തന്റെ ഭർത്താവിന്റെ അച്ഛൻ ശൂന്യമായ ദൃഷ്ടിയുമായി ഇരിക്കുന്നതു കണ്ട് ജൂലിയാന മുഖം തിരിച്ച് അങ്ങോട്ടുനോക്കി'

• 'ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറങ്ങുപോകുന്നതായി ജൂലിയാന അറിഞ്ഞു.'

(ഉരുളക്കിഴങ്ങ് തിന്നുന്നവർ)

തന്നിരിക്കുന്ന സന്ദർഭങ്ങളും കഥയും പരിഗണിച്ച് ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

16. • 'മൂന്നുപേർ കൂടി നാലാമതൊരാളുടെ കഴുത്തുപട്ടമേൽ പിടികൂടിയിരിക്കുന്നു. ആ മൂന്നു പേർ പോലീസുകാരാണ്.'

• 'ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളതു മറക്കരുതേ.'

(പാവങ്ങൾ)

തന്നിട്ടുള്ള സൂചനകളും പാഠഭാഗവും വിശകലനം ചെയ്ത്, 'സ്നേഹത്തിന്റെ ശക്തി' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

17. കവിതയുടെ പ്രമേയം, സമകാലിക പ്രസക്തി, ആസ്വാദനാംശങ്ങൾ എന്നിവ പരിഗണിച്ച് ആസ്വാദനം തയ്യാറാക്കുക.

**ബാല്യം തിരിച്ചുതരൂ**

കാവിലെ തേന്മാവിൻ ചില്ലയിലെങ്ങോ
കാണാക്കുയിലിന്റെ പാട്ടൊന്നു കേൾക്കാൻ
പ്ലാവിലത്തൊപ്പിമെടഞ്ഞൊന്നുവച്ചു
കള്ളനും പോലീസും വീണ്ടും കളിക്കാൻ
അണ്ണാറക്കണ്ണനോ കാറ്റോ വരുമ്പോൾ
മണ്ണിൽപ്പതിക്കുന്ന മാമ്പഴം തട്ടാൻ
മുത്തശ്ശിമാവിന്റെ ചോട്ടിൽ കിടന്നു
കെട്ടിമറിഞ്ഞൊന്നുരുണ്ടുകളിക്കാൻ
വെയിലൂർന്നിറങ്ങും തൊടികളിൽ നീളെ
മയിലാട്ടമാടുന്ന ചെറുതെങ്ങിൻ താഴെ
കളിവീട്ടിൽ മണ്ണപ്പം ചുട്ടുകളിക്കാൻ
ഇളന്നീരിൻ മധുരം നുണഞ്ഞുനടക്കാൻ
എനിക്കെന്റെ ബാല്യം തിരിച്ചിങ്ങു നല്കൂ!
എനിക്കെന്റെ ബാല്യം തിരിച്ചിങ്ങു നല്കൂ!

- മുട്ടാർ സോമൻ

-oOo-